# കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ആലുവ നഗരസഭാചെയർമാന്റെ ഔദ്യോഗിക ഉപയോഗത്തിനായി വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(സാധാ)നം.3543/12/തസ്വഭവ തിരുവനന്തപുരം, തീയതി.20/12/2012

---

പരാമർശം:-(1)ആലുവ നഗരസഭാസെക്രട്ടറിയുടെ 6.11.12 ലെ ഇ4-9186/12 നമ്പർ കത്ത്

(2) ആലുവ നഗരസഭാ കൗൺസിലിന്റെ 30.10.12 ലെ 2-ാം നമ്പർ തീരുമാനം

(3) 4.12.12-ാം തീയതിയിലെ 3-12 നമ്പർ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം

## ഉത്തരവ്

ആലുവ നഗരസഭയിൽ ചെയർമാൻ ഉപയോഗിച്ചു വരുന്ന ഇൻഡിക്ക കാർ അപകടം സംഭവിച്ചിട്ടുള്ളതിനാൽ ദീർഘയാത്രയ്ക്ക് ഒട്ടും തന്നെ അനുയോജ്യമല്ലാത്തതിനാൽ ടി വാഹനം ഓഫീസ് ഉപയോഗത്തിന് എടുക്കുന്നതിനും ചെയർമാന്റെ ഉപയോഗത്തിനായി ഒരു ഇന്നോവ കാർ വാങ്ങുന്നതിനുള്ള അനുമതിക്കായി ആലുവ നഗരസഭാ സെക്രട്ടറി പരാമർശം (1) പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആലുവ നഗരസഭാ ചെയർമാൻ ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വാഹനം നഗരസഭയുടെ ആവശ്യത്തിന് ഉപയോഗിക്കുന്നതിനും ചെയർമാന്റെ ഉപയോഗത്തിനായി പരമാവധി പത്തു ലക്ഷം രൂപ എന്ന പരിധിക്ക് വിധേയമായി ഒരു വാഹനം വാങ്ങുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സി.വത്സല
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽബിഎ&എ), തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ആലുവ നഗരസഭ, എറണാകുളം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ